# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5252 26/03/2018-ൽ മറുപടിയ്ക്ക്

## പ്രീപ്രൈമറി ടീച്ചർമാരുടെ ഓണറേറിയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നിലവിൽ എത്ര പ്രീപ്രൈമറി ടീച്ചർമാർ ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ നിലവിലെ ഓണറേറിയം എത്ര യാണെന്നും അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളുകളിൽ ആകെ 2851 അദ്ധ്യാപകർ ജോലി ചെയ്തു വരുന്നു. ഇവർക്ക് 9500/- രൂപ (ഒൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആയിരുന്നു ഓണറേറിയം. 13/03/2018-ലെ സർക്കാർ ഉത്തരവ് നമ്പർ 1058/2018/പൊ.വി.വ പ്രകാരം 500/- രൂപ (അഞ്ഞൂറ് രൂപ മാത്രം) കൂട്ടി 10000/- രൂപ (ആയിരം രൂപ മാത്രം) യായി വർദ്ധിപ്പിച്ചു. ഇതിന് മുൻകാല പ്രാബല്യം 2017 ഏപ്രിൽ മാസം മുതലാണ്. |
| (ബി) | ഒഴിവുള്ള പ്രീപ്രൈമറി ടീച്ചർമാരുടെ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | സർക്കാർ സ്കൂളുകളോട് അനുബന്ധിച്ചുള്ള പ്രീപ്രൈമറി അദ്ധ്യാപകരെ ഒഴിവ് വരുന്ന മുറയ്ക്ക് നിയമിക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം പി.ടി.എയ്ക്ക് അധികാരം നൽകിയിട്ടുണ്ട്. പി.ടി.എ യാണ് ഇവരെ നിയമിക്കുന്നത്. |
| (സി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | | |

സെക്ഷൻ ഓഫീസർ